5. പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള (SHG Subsidy) ധനസഹായം - 0.20 ലക്ഷം രൂപ (1 സംഘം)

6. എസ്. സി./എസ്. റ്റി. സംഘങ്ങൾക്ക് (Managerial Subsidy) ധനസഹായം - 3.60 ലക്ഷം രൂപ (6 സംഘങ്ങൾക്ക്)

7. വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരിമൂലധന സഹായം - 0.85 ലക്ഷം രൂപ (1 സംഘം)

8. ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ (1 സംഘം)

9. എസ്. സി./എസ്. റ്റി. സംഘങ്ങൾക്ക് (കെട്ടിട നിർമ്മാണം) ധനസഹായം - 8 ലക്ഷം രൂപ (2 സംഘങ്ങൾക്ക്)

10. എസ്. സി./എസ്. റ്റി. സംഘങ്ങൾക്ക് കമ്പ്യൂട്ടർ ടെയിനിംഗ് - 5 ലക്ഷം രൂപ (1 സംഘം)

11. സ്കൂൾ സഹകരണ സംഘങ്ങൾക്കുള്ള ഫർണിച്ചർ സബ്സിഡി ധനസഹായം- 0.25 ലക്ഷം രൂപ (1 സംഘം)

പുന്നപ്ര ത്രിവേണി കോഫി ഹൗസ്

134 (519) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര സഹകരണ ആശുപത്രിയിൽ ത്രിവേണി കോഫി ഹൗസ് എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത ത്രിവേണി കോഫി ഹൗസ് എന്നാണ് പ്രവർത്തനം നിർത്തിയത്; ഇവിടെ എത്ര ജീവനക്കാരാണ് ജോലി ചെയ്തിരുന്നത്; കോഫി ഹൗസ് അടച്ചുപൂട്ടാൻ ഉണ്ടായ കാരണം എന്താണ്;

(സി) വില വർദ്ധനവുമൂലമാണ് കോഫി ഹൗസിൽ ആളു കയറാതായത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സബ്സിഡി നിരക്കിൽ ഭക്ഷണസാധനങ്ങൾ നൽകി സാഗര ആശുപത്രിയിലെ ത്രിവേണി കോഫി ഹൗസ് ഉടനെ പ്രവൃത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുന്നപ്ര സഹകരണ ആശുപത്രിയിൽ ത്രിവേണി കോഫി ഹൗസ് ആരംഭിച്ചിട്ടില്ല. എന്നാൽ പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിന്റെ കോമ്പൗണ്ടിലാണ് 3-1-2011-ൽ ത്രിവേണി കോഫി ഹൗസ് ആരംഭിച്ചത്.

(ബി) 24-12-2015 നാണ് പ്രവർത്തനം നിർത്തിയത്. 8 ജീവനക്കാരാണ് ജോലി ചെയ്തിരുന്നത്. പ്രതിമാസം ഒരു ലക്ഷം രൂപയോളം നഷ്ടമുണ്ടായി. മുൻവർഷങ്ങളിലെ പ്രവർത്തന നഷ്ടം ഏകദേശം 25 ലക്ഷം രൂപയായിരുന്നു. എഞ്ചിനീയറിംഗ് കോളേജിൽ സ്റ്റുഡന്റ്സ് മെസ് ആരംഭിച്ചത് നഷ്ടം കൂടുന്നതിനും കാരണമായി. ഇങ്ങനെയൊക്കെ നഷ്ടം സംഭവിച്ചിട്ടും 24-12-2015 വരെ സ്ഥാപനം പ്രവൃത്തിപ്പിക്കുന്നതിന് പരമാവധി ശ്രമിച്ചിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കണ്ണൂർ ജില്ലയിലെ സഹകരണ സംഘങ്ങൾ

135 (520) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും കാറ്റഗറി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ 205 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. കാറ്റഗറി തിരിച്ചുള്ള വിവരം ചുവടെ സമർപ്പിക്കുന്നു:

ക്രമ നമ്പർ	വിഭാഗം	എണ്ണം
(1)	(2)	(3)
1	പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്	1
2	എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘം	5
3	അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം	2
4	വനിതാ സഹകരണ സംഘം	21
5	ലേബർ കോൺട്രാക്ട് സഹകരണ സംഘം	6

LIBRARY ARCHIVES Kerala Legislative Assembly